Page 1 of 1

## കൺസ്യൂമർഫെഡ്ഡിലെ വിജിലൻസ് റെയ്ഡ്

203 (3693) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ്ഡിൽ നടന്ന വിജിലൻസ് റെയ്ഡിൽ ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിജിലൻസ് റെയ്ഡിന്റെ തുടർനീക്കങ്ങൾ ഹൈക്കോടതി സ്റ്റേ ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(സി) പ്രസ്തുത സ്റ്റേ നടപടി നീക്കം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ആയതിൽ എന്ത് ഉത്തരവാണ് ഉണ്ടായിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്

(ബി) തങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസന്വേഷണം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റെജി എം. നായരും (കൺസ്യൂമർ ഫെഡ് എം.ഡി.) ശ്രീ. ആർ. ജയകുമാറും (കൺസ്യൂമർഫെഡ് ഉദ്യോഗസ്ഥൻ) ചേർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച ക്രിമിനൽ എം.സി. 5261/2013-ൽ 12-11-2013-ന് കോടതി പ്രഖ്യാപിച്ച ഉത്തരവുപ്രകാരം 2 മാസത്തേക്ക് എഫ്.ഐ.ആർ.-ഉം തുടർനടപടികളും കോടതി മരവിപ്പിച്ചിട്ടുണ്ട്. തുടർന്ന് 9-1-2004-ലെ ക്രിമിനൽ എം.സി.5261/13 ഉത്തരവ് പ്രകാരം ഇനിഒരറിയിപ്പ് ഉണ്ടാകുന്നതുവരെ ഈ കേസ്സിലുള്ള തുടർനടപടികൾ വീണ്ടും മരവിപ്പിച്ചതായി അറിയിച്ചിട്ടുണ്ട്.

(സി) ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡറിനെ സമീപിച്ച് വസ്തുതാ വിവരണപത്രിക തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിന് അന്വേഷണത്തിന് നേതൃത്വം നൽകുന്ന വിജിലൻസ് പോലീസ് സൂപ്രണ്ട് നടപടി സ്വീകരിച്ചുവരുന്നു.

## തടവുകാരുടെ വരുമാന മാർഗ്ഗം

204 (3694) ശ്രീ. പാലോട് രവി:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുകാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യവും വരുമാനവും ഒരുക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) തടവുകാർക്ക് ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly